(ബി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇത് കൂടാതെ 10-ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥികൾക്ക് അടുത്തുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുന്ന പദ്ധതി 1998-99 മുതൽ നടപ്പാക്കിവരുന്നു. (ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(സി) ഉണ്ട്. (നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച ആനുകൂല്യങ്ങളും അടങ്ങുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു).†

5 (149) ഹിന്ദു-കുറവൻ സമുദായത്തിനുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി പരാതി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദു-കുറവൻ സമുദായത്തിൽപ്പെട്ടവരെ കിർത്താഡ്സ് വേഡുവപിള്ള എന്ന് നാമകരണം ചെയ്ത് അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി പരാതിപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ പരാതിയിന്മേൽ സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

6 (150) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജാതി നിർണ്ണയം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജാതിനിർണ്ണയവുമായി ബന്ധപ്പെട്ട് തർക്കമുണ്ടായാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം പരിശോധിക്കുന്ന സംവിധാനം മാറ്റി പ്രാദേശികമായി വസ്തുതകൾ നേരിട്ട് മനസ്സിലാക്കി തീരുമാനത്തിലെത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വ്യക്തിഗത ജാതിനിർണ്ണയത്തിലായാലും പൊതുവായ നരവംശശാസ്ത്ര അന്വേഷണങ്ങളിലായാലും വിശദവും, വസ്തുനിഷ്ഠവുമായ പ്രാദേ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly